**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E4-420/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 16.06.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. സക്കീർ ഹുസൈൻ.കെ.പി
കാവുപറമ്പിൽ, മമ്പാട്ടുമൂല പി.ഒ
മലപ്പുറം- 679332.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് -

സൂചന: സംസ്ഥാന വിവരാവകാശ കമ്മിഷന്റെ 10.5.18ലെ 2786/SIC-Gen2/2018

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. താങ്കൾ സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് 10.3.2018ൽ നൽകിയ അപ്പീലിൻമേൽ സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് റിപ്പോർട്ട് നൽകുവാനും പകർപ്പ് താങ്കൾക്ക് ലഭ്യമാക്കുവാനും സൂചന പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. താങ്കൾ 26.9.16ൽ അയച്ചതായി അറിയിച്ചിട്ടുള്ള പരാതി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ലെന്ന് ഓഫീസ് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. പരാതിയുടെ ഒരു പകർപ്പ് ലഭ്യമാക്കിയാൽ ആയതിൻമേൽ വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരവും താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

രാജീവ്കുമാർ. എസ്
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*



O/c

**വിവരാവകാശം / മറുപടി**

നമ്പർ: E5-420/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 16.06.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

അഡീഷണൽ സെക്രട്ടറി (നിയമം)
സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരള.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് -

സൂചന:
1) 6.1.2018-ലെ ശ്രീ.സക്കീർ ഹുസൈന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
2) ശ്രീ. സക്കീർ ഹുസൈൻ.കെ.പിയ്ക്ക് 16.1.2018ൽ നൽകിയ ഇതേ നം.
3) സംസ്ഥാന വിവരാവകാശ കമ്മിഷന്റെ 10.5.18-ലെ 2786/SIC-Gen2/2018.

ശ്രീ. സക്കീർ ഹുസൈൻ.കെ.പി സൂചന (1) കത്തിൽ 26.9.2016ന് അയച്ചതായി പറയുന്ന അപേക്ഷ വികാസ്ഭവനിൽ സ്ഥിതിചെയ്യുന്ന സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ലായെന്ന് ഈ ഓഫീസിലെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിവരം 16.1.18ന് സൂചന (2) പ്രകാരം അപേക്ഷകനെ രേഖാമൂലം അറിക്കുകയും മറുപടിയിൽ, ടിയാൻ തൃപ്തനല്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരിയായി ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

വിവരാവകാശ നിയമപ്രകാരമുള്ള ടിയാന്റെ അപേക്ഷയോടൊപ്പം ടിയാൻ ഹാജരാക്കിയിരുന്ന, മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർക്കെതിരായുള്ള പരാതിയുടെ പകർപ്പിൽ 26.9.2016ന് മഞ്ചേരി പോസ്റ്റ് ഓഫീസിൽ നിന്ന് പൂജപ്പുരയിലെ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് (അനക്സ്) പോസ്റ്റ് ചെയ്തതായി രേഖയിൽ കണ്ടെതിനാൽ, നടപടി സ്വീകരിക്കുന്നതിന് അപേക്ഷയുടെ പകർപ്പ് 16.1.2018ലെ ഇ5-420/18- ാം നമ്പർ കത്ത് പ്രകാരം പൂജപ്പുരയിലെ വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ അയക്കുകയും ആയതിന്റെ ഒരു പകർപ്പ് ശ്രീ.സക്കീർ ഹുസൈന് നൽകുകയും ചെയ്തിരുന്നു.

*db@18*

ശ്രീ.സക്കീർഹുസൈന്റെ അപേക്ഷയിൽ പറയുന്ന പരാതി ഈ കാര്യാലയത്തിലെ ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ഈ കാര്യാലയത്തിൽ ലഭിച്ചതായി കാണുന്നില്ല. ശ്രീ. സക്കീർഹുസൈൻ ഒന്നാം അപ്പീൽ അധികാരിയ്ക്ക് അപ്പീൽ നൽകാതെ, രണ്ടാം അപ്പീൽ അധികാരിയായ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചതിനാലാണ് ടിയാന് നൽകിയ മറുപടിയിൽ കൂടുതൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയതെന്ന വിവരം ബോധിപ്പിക്കുന്നു.

ശ്രീ.സക്കീർ ഹുസൈൻ 26.9.2016-ൽ അയച്ചതായി പറഞ്ഞിട്ടുള്ള അപേക്ഷയുടെ ഒരു പകർപ്പ് ടിയാൻ ലഭ്യമാക്കുന്നപക്ഷം ആയതിൻമേൽ വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണെന്നും ബഹുമാനപ്പെട്ട സംസ്ഥാന വിവരാവകാശ കമ്മീഷനെ ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**രാജീവ്കുമാർ. എസ്**
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

പകർപ്പ്: ശ്രീ. സക്കീർ ഹുസൈൻ.കെ.പി
കാവുപറമ്പിൽ, മമ്പാട്ടുമൂല പി.ഒ
മലപ്പുറം- 679332.